**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 530** **29.06.2011 - ൽ മറുപടിയ്ക്ക്**

## വൈത്തിരി താലൂക്ക് ആശുപത്രിയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍ | ശ്രീ. അടൂര്‍ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ അഞ്ചുവര്‍ഷങ്ങളില്‍ അനുവദിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ; | എ) എം.പി.പി. പദ്ധതി പ്രകാരം 48,47,564/-രൂപയും ദേശീയ ഗ്രാമീണ ആരോഗ്യമിഷന്‍ (എന്‍.ആര്‍.എച്ച്.എം) മുഖാന്തിരം 12,32,000/-രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) അനുവദിച്ച തുകയില്‍ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ; | ബി) എം.പി.പി. പദ്ധതി പ്രകാരം അനുവദിച്ച തുക പൂര്‍ണ്ണമായും എന്‍.ആര്‍.എച്ച്.എം മുഖേന അനുവദിച്ച തുകയില്‍ 7,45,674/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| സി) വൈത്തിരി താലൂക്ക് ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ചുവര്‍ഷങ്ങളില്‍ പൂര്‍ത്തിയാക്കിയത്; | സി) കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററായി പ്രവര്‍ത്തിച്ചിരുന്ന ഈ ആശുപത്രി 16.05.2008 - ലെ സര്‍ക്കാര്‍ ഉത്തരവ് (അച്ചടിച്ചത്) നം.156/08/ആ.കു.വ പ്രകാരം താലൂക്ക് ആശുപത്രിയായി ഉയര്‍ത്തപ്പെട്ടു. എം.പി.പി. ഫണ്ട് വിനിയോഗിച്ചുകൊണ്ട് കാഷ്വാലിറ്റി ബില്‍ഡിംഗ്, ചുറ്റുമതിലും ഗേറ്റും, മെയിന്‍ ബ്ലോക്ക് ബില്‍ഡിംഗിന്റെ അറ്റകുറ്റപ്പണി, ജെറിയാട്രിക് വാര്‍ഡ്, ഒ.പി. ബ്ലോക്ക് നിര്‍മ്മാണം, ടി.ബി. വാര്‍ഡ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ഓപ്പറേഷന്‍ തീയേറ്ററിന്റെ അറ്റകുറ്റപ്പണി എന്നിവ നടത്തിയിട്ടുണ്ട്. എന്‍.ആര്‍.എച്ച്.എം മുഖേന ഡോക്ടര്‍മാര്‍, സ്റ്റാഫ് നഴ്സ് തുടങ്ങിയ ജീവനക്കാരെ താത്കാലികമായി നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വൈത്തിരി താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) വൈത്തിരി താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ബഡ്ജറ്റിലുള്ള ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ആശുപത്രിയിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതടക്കമുള്ള വികസന പ്രവൃത്തികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ